(സി) കഴിഞ്ഞ സാമ്പത്തിക വർഷം 141.41 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചു. വിശദാംശങ്ങൾ അനുബന്ധം (എ)† ആയി ചേർത്തിരിക്കുന്നു.

(ഡി) വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(ഇ) വിശദാംശങ്ങൾ അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

(എഫ്) ടൂറിസം രംഗത്ത് മുതൽ മുടക്കുന്ന നിക്ഷേപകർക്ക് 10% സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി, പവർ താരിഫ് കൺസഷൻ എന്നിവ നൽകി വരുന്നു.കൂടാതെ വകുപ്പിന്റെ ബ്രോഷറുകൾ, സി.ഡി.കൾ എന്നിവയിൽ കൂടി ആവശ്യമായ പരസ്യ പ്രചാരണങ്ങളും വകുപ്പ് നൽകുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ദേശീയപതാകയേയും ഇൻഡ്യൻ ഭൂപടത്തേയും അപമാനിക്കുന്നവർക്കെതിരെ നടപടി

1 (4604) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫ്രഞ്ച് സഹായത്തോടെ നടപ്പിലാക്കുന്ന മൃഗസംരക്ഷണ വകുപ്പിന്റെ പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി പ്രസിദ്ധീകരിച്ച ബ്രോഷറിൽ, ദേശീയ പതാകയേയും ഇൻഡ്യൻ ഭൂപടത്തേയും അപമാനകരമായി ചിത്രീകരിച്ചതായ മാധ്യമ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) ദേശീയ പതാകയേയും, ഇൻഡ്യൻ ഭൂപടത്തേയും അപമാനിക്കുന്നവർക്കെതിരെ സാധാരണ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ & ബി) ഇത്തരത്തിൽ ഒരു ബ്രോഷറോ ലഘുലേഖയോ മറ്റ് പ്രസിദ്ധീകരണങ്ങളോ മൃഗസംരക്ഷണ വകുപ്പ് പുറത്തിറക്കിയിട്ടില്ല. ഫ്രാൻസ് സന്ദർശിച്ച കേരള സംഘം 2010 ജൂൺ 18-ന് ENIL of Mamirolle (National College of Higher Education in Dairy Processing) സന്ദർശിച്ചപ്പോൾ സ്വാഗതം ചെയ്തുകൊണ്ട് ടി സ്ഥാപനം പ്രദർശിപ്പിച്ച സ്ലൈഡുകളിലെ ഇന്ത്യൻ ഭൂപടത്തിൽ വന്നതായി ചൂണ്ടിക്കാണിക്കപ്പെട്ട വ്യതിയാനങ്ങൾ സംബന്ധിച്ച് തുടർനടപടികൾക്കായി ഫ്രാൻസിലെ ഇന്ത്യൻ എംബസിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

† അനുബന്ധം IV, IV-A

LIBRARY ARCHIVES Kerala Legislative Assembly

(സി) രാജ്യത്തിനകത്ത് ദേശീയപതാക ഉൾപ്പെടെയുള്ള ദേശീയ ചിഹ്നങ്ങളെ അപമാനിച്ചാൽ Prevention of Insults to National Honour Act, 1971-ലെ വ്യവസ്ഥകൾ പ്രകാരമാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. മൂന്ന് വർഷം തടവോ, പിഴയോ, തടവും പിഴയുമോ ആണ് നിയമത്തിലെ ശിക്ഷാ വ്യവസ്ഥ.

ഐ.ജി. ടോമിൻ ജെ. തച്ചങ്കരിയുടെ വിദേശയാത്ര

2 (4605) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ജി ടോമിൻ ജെ. തച്ചങ്കരിയുടെ വിദേശയാത്രയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് കേന്ദ്രാന്വേഷണം നടത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവോ ;

(ബി) ഇതു സംബന്ധിച്ച് ദേശീയ അന്വേഷണ ഏജൻസി അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടാൻ എന്തൊക്കെ കാരണങ്ങളാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ മുന്നിൽ സമർപ്പിച്ചത് ;

(സി) ഐ. ജി. ടോമിൽ ജെ. തച്ചങ്കരി വിദേശത്ത് പോയത് സംസ്ഥാന സർക്കാരിന്റെ അറിവോടെയാണെന്ന് ടിയാൻ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നുവോ ;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തു വിശദീകരണമാണ് കേന്ദ്രസർക്കാരിന് നൽകിയത് ?

ഉത്തരം

(എ & ബി) ഐ. ജി. ശ്രീ. ടോമിൻ ജെ. തച്ചങ്കരിയുടെ വിദേശയാത്രയുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിൽനിന്ന് ഒരു രഹസ്യ സന്ദേശം ലഭിച്ചിരുന്നു. അതിന്മേൽ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഉചിതമായ അധികാരസ്ഥാപനം (appropriate authority) മുഖേന അന്വേഷണം നടത്തണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന് ഇതു സംബന്ധിച്ച വിവരം ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly